ടൂറിസം വകുപ്പിലെ ദിവസക്കൂലി ജീവനക്കാർ

25 [2737] ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിലായി ആകെ എത്ര ജീവനക്കാർ ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലിനോക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) പി. എസ്. സി. വഴി നിയമനം നടത്താനുള്ള എത്ര തസ്തികകളിലാണ് ഈ ജീവനക്കാർ ജോലി നോക്കുന്നത്;

(സി) ഒഴിവുള്ള സ്ഥിരം തസ്തികകളിൽ പി. എസ്. സി. വഴി സ്ഥിരം നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ഇ) ഇല്ലെങ്കിൽ പി. എസ്. സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 185 ജീവനക്കാർ ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി നോക്കി വരുന്നു.

(ബി) പി. എസ്. സി. വഴി നിയമനം നടത്താനുള്ള 53 തസ്തികകളിലാണ് ഈ ജീവനക്കാർ ജോലി നോക്കി വരുന്നത്.

(സി) ഉണ്ട്.

(ഡി) പി. എസ്. സി. മുഖേന സ്ഥിരം നിയമനം നടത്തേണ്ട ലാസ്കർ, വാച്ചർ, പ്യൂൺ, ബട്ട്ലർ, ഷോഫർ, സി. എ. ഗ്രേഡ് II എന്നീ തസ്തികകളിലെ ഒഴിവുകൾ എല്ലാം തന്നെ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തു കഴിഞ്ഞു. ലാസ്കർ, വാച്ചർ, പ്യൂൺ എന്നീ തസ്തികകളിൽ പി. എസ്. സി. അഡ്വൈസ് ചെയ്യുന്ന മുറയ്ക്ക് നിയമനം നടത്തിവരുന്നു.

(ഇ) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം പ്രസക്തമല്ല.

സംസ്ഥാനത്തെ ജലസേചന പദ്ധതികളും ജല വിനിയോഗവും

26 [2738] ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിവർഷം സംസ്ഥാനത്തെ നദികളിൽ ശരാശരി എത്ര വെള്ളം ഒഴുകി എത്തുന്നു എന്നു വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly